ഉത്തരം

(എ) 201 പി. എച്ച്. സി.കളിൽ ഐ.പി. യൂണിറ്റ് ആരംഭിക്കാൻ അനുമതി നൽകി. ഇവയിൽ 84 എണ്ണത്തിൽ ഐ.പി. യൂണിറ്റ് ആരംഭിച്ചുകഴിഞ്ഞു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്) †

(ബി) പരിശോധിക്കുന്നതാണ്.

ഒഴിഞ്ഞുകിടക്കുന്ന ആശുപത്രി കെട്ടിടങ്ങൾ

166 [145] *ശ്രീ. ബിനോയ് വിശ്വം:*

,, *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാൻ കഴിയാതെ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം;

(ബി) ഈ കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പദ്ധതികൾ വ്യക്തമാക്കുമോ;

(സി) ഇതിൽ ജീവനക്കാരുടെ കുറവുകാരണം അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 221 വിവിധ സർക്കാർ ആശുപത്രികളിൽ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. 15-7-2004-ലെ സർക്കാർ ഉത്തരവുപ്രകാരം, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാക്കുന്നതിനായി 201 വിവിധ ആശുപത്രികളിലായി 1200 തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. കൂടാതെ, വിവിധ ആശുപത്രികളിലായി ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനായി 1770 അധിക തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് അതാതു പഞ്ചായത്ത് ഭരണ സമാപനങ്ങളുമായി ചേർന്ന് അടിസ്ഥാന സൗകര്യ വികസനത്തിനും സേവന സൗകര്യങ്ങൾ 'സ്റ്റാന്റർഡൈസ്' (ഏകീകരണം) ചെയ്യുന്നതിനുമായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും നിശ്ചയിച്ച് ഘട്ടംഘട്ടമായി ഓരോ സ്ഥാപനങ്ങൾക്കും തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) 178 കെട്ടിടങ്ങൾ ജീവനക്കാരുടെ കുറവുകാരണം അടച്ചിട്ടിരിക്കുകയാണ്.

വള്ളിക്കാവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനം

167 [149] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കാവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly